Draft #8 of File 117924/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Feb-2026 12:54 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ബി .ആർക് , 2019 റെഗുലേഷൻസ് - Clause 15.2 & 15.3 - 2023 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഇളവുകൾ അനുവദിച്ച് - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III , സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 2174/AC A 4/2026/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 27.02.2026

---

*പരാമർശം:*-1.16.01.2026 തീയതിയിലെ 558/AC A4/2026/എം .ജി .യു നമ്പർ സർവകലാശാല ഉത്തരവ്

2. 30.01.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ : 59/ 26 .01 /117924 / AC A 4 -1 / 2025

**ഉത്തരവ്**

കോവിഡ് മഹാമാരിയുടെ സവിശേഷ സാഹചര്യത്തിൽ, 2019 - 2022 വരെ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ബി.ആർക്ക് 2019 റെഗുലേഷനിലെ താഴെ പറയുന്ന വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് 9846/AC A4/2022/MGU, Dtd-24.09.2022, 1792/AC A4/2024/MGU Dtd ,26.02.2024 നമ്പർ സർവകലാശാല ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

15.2. " Before being admitted to the VI semester classes, a student should have passed all the subjects in the combined I and II semester examinations in full."

15.3. " Before being admitted to the IX semester classes, a student should have passed the entire subjects up to and including IV semester examinations in full."

എന്നാൽ 2023 അഡ്മിഷൻ മുതലുള്ള ബി.ആർക് വിദ്യാർത്ഥികൾക്ക് പ്രസ്തുത ക്ലോസുകളിൽ ഇളവുകൾ അനുവദിക്കാത്തതിനാൽ ടി ക്ലോസുകൾ കർശനമായി പാലിക്കണമെന്ന് 117924/AC A 4-1/2025/AC A 4 , Dtd 12.12.2025 നമ്പർ സർക്കുലർ പ്രകാരം കോളേജുകൾക്ക് നിർദേശം നൽകിയിരുന്നു.

പ്രസ്തുത നിർദേശം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു, ബി.ആർക്ക് 2023 അഡ്മിഷൻ വിദ്യാർത്ഥികൾക്കും കൂടി ടി ക്ലോസുകളിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ആർക്കിടെക്ചർ കോളേജുകളുടെ പ്രിൻസിപ്പൽമാർ അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

2023 അഡ്മിഷൻ ബി .ആർക് വിദ്യാർത്ഥികൾക്ക് കൂടി പ്രസ്തുത ക്ലോസുകളിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് - ന്റെ അഭിപ്രായം തേടിയിരുന്നു. എന്നാൽ അത് സംബന്ധിച്ച് മറുപടി ലഭ്യമല്ലാത്തതിനാലും, 2023 അഡ്മിഷൻ ബാച്ചിന്റെ ആറാം സെമസ്റ്റർ ക്ലാസുകൾ ഉടൻ ആരംഭിക്കുമെന്നതിനാലും പ്രസ്തുത വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച്, 2019 - 2022 വരെ ബി ആർക്ക് പ്രോഗ്രാമിന് പ്രവേശനം നേടിയ വിദ്യാർഥികൾക്ക് കോവിഡ് മഹാമാരിയുടെ സവിശേഷ സാഹചര്യത്തിൽ, ബി.ആർക്ക് 2019 റെഗുലേഷനിലെ 15.2, 15.3 എന്നീ ക്ലോസുകൾ ഒഴിവാക്കിക്കൊണ്ട് നൽകിയ ഇളവുകൾ ബി.ആർക്ക് 2023 അഡ്മിഷൻ ബാച്ച് വിദ്യാർഥികൾക്കും കൂടി അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവാകുകയും, തദനുസരണം പരാമർശം (1) സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ,അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും , തദനുസരണം പുറപ്പെടുവിച്ച 16.01.2026 തീയതിയിലെ 558/AC A4/2026/MGU നമ്പർ സർവകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ,അദ്ധ്യായം V ,സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .പി എസ് ടു വി .സി /പി.വി.സി

2 .പി .എ ടു രജിസ്ട്രാർ/പരീക്ഷ കൺട്രോളർ

3 .എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാഡമിക് )

4 . എ സി സി I / എ സി സി II സെക്ഷനുകൾ

5. EI 32/ IT Cell സെക്ഷനുകൾ

5 .PRO സെക്ഷൻ /University Website / IQAC

6 .റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #8 of File 117924/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Feb-2026 12:54 PM - Page 2